**POLICE** **KERALA** **DEPARTMENT**

**No. E1-22910/2020/W**
District Police Office,
Wayanad
✉spwynd.pol@kerala.gov.in
📞04936202525
Dated. 17-04-2021

**ലേലപരസ്യം**

വയനാട് ജില്ലാ സായുധസേന ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗ ശൂന്യമായ താഴെപ്പറയുന്ന വസ്തുക്കൾ 10.06.2021 തിയ്യതി രാവിലെ 11 മണിക്ക് വയനാട് ജില്ലാ സായുധസേന ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| Sl No. | Name of Articles |
|---|---|
| 1 | Manvetti |
| 2 | Pick Axe |
| 3 | Mullu manthi |
| 4 | Kodali |
| 5 | Vettukathi |
| 6 | Amplifier |
| 7 | Ahuja Horn |
| 8 | Emergency Light |
| 9 | Mike |
| 10 | Trumpet |
| 11 | Grass Cutter Iron |
| 12 | Rifle Chain |
| 13 | Kit Box |
| 14 | Head Light |
| 15 | Battery |
| 16 | Adapter |
| 17 | H2A Box |
| 18 | Steel Carrier 6A |
| 19 | MS Box |
| 20 | Helmet |
| | |

| | |
|---|---|
| 21 | Body Protector |
| 22 | Tent |
| 23 | Shield (Cane) |
| 24 | Wooden Chair |
| 25 | S Chair |
| 26 | Carrom Board |
| 27 | Polish Dappy |
| 28 | Rain coat |
| 29 | Fibre Chair |
| 30 | Gas Stove |
| 31 | Gas Stove high pressure |
| 32 | Borewell Head |
| 33 | Stabilizer |
| 34 | Explosive can |
| 35 | Tea urn (Kettle) |
| 36 | Iron Stick |
| 37 | Cement Chatti |
| 38 | Vertical Motor (borewell) |
| 39 | Gas Cylinder (5 Kg) |
| 40 | Gas light (Petromax) |
| 41 | Iron Bucket |
| 42 | Tube Frame |
| 43 | Football |
| 44 | Aluminium Bucket |

| | |
|---|---|
| | |
| 45 | Dosha Kallu (Big) |
| 46 | Freezer |
| 47 | Revolving chair |
| 48 | Computer Chair |
| 49 | Plastic Chair |
| 50 | Plastic Stool |
| 51 | Iron pipe |
| 52 | Iron stand and barbed wiring |
| 53 | Iron vehicle grill |
| 54 | Iron grilled window |

1) ലേലത്തിൽ പങ്കെടുക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് Rs.2000/- (രണ്ടായിരം രൂപ ) നിരത ദ്രവ്യം കെട്ടിവെക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ ഉപയോഗ ശൂന്യമായ വസ്തുക്കൾ മൊത്തമായി വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടിയോ നേരിട്ടോ തപാൽ മാർഗമോ ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾ മുദ്ര വെച്ച കവറിൽ 09.06.2021 തിയ്യതി വൈകുന്നേരം 3 മണിക്ക് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം നിശ്ചിത തുകയുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും നിരത ദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ അയക്കുന്ന കവറിനു പുറത്ത് "പോലീസ് വകുപ്പ് - ഉപയോഗശൂന്യമായ വസ്തുക്കളുടെ ദർഘാസ് " എന്ന് എഴുതി കവർ മുദ്ര വയ്ക്കേണ്ടതാണ്.

2) പരസ്യ ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ ലേലത്തിൽ പങ്കെടുത്തവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ, ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം ബന്ധപ്പെട്ടയാളുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും. ലേലം കൊണ്ടയാൾ ഉടൻതന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരത ദ്രവ്യം ഒഴികെ) നികുതിയടക്കം ലേല സ്ഥലത്ത് വച്ച് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പെടെ രണ്ട് ദിവസത്തിനകം അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലം കോണ്ട വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

3) ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്.

4 ) യാതൊരു കാരണവും കൂടാതെ ലേലം മാറ്റിവെയ്ക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം വയനാട് ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

5) ലേലം കോണ്ട വ്യക്തി ലേല നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാൾ അടച്ച നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ/ ദർഘാസ് കൊണ്ടയാൾ ഉത്തരവാദിയാകുന്നതും, പുനർ ലേലത്തിൽ ലാഭം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾക്ക്/ ദർഘാസ് കൊണ്ടയാൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

6) ലേലം നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും ഈ ലേലത്തിനും ബാധകമാണ്.

7) എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 5 മണി വരെ ലേലം ചെയ്യപ്പെടാൻ തീരുമാനിച്ചിട്ടുള്ള വസ്തുക്കൾ അസി. കമാണ്ടൻറ്, ഡി. എച്ച്.ക്യു. വയനാടിൻറെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

Dr ARVIND SUKUMAR IPS
District Police Chief

| | | |
|---|---|---|
| To | : | 1) സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്കായി . 2) ഐ. ജി. പി. നോർത്ത് സോൺ & ഡി. ഐ. ജി. കണ്ണൂർ റേഞ്ച് - അറിവിലേക്കായി. 3) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും. 4) എ. സി, ഡി. എച്ച്. ക്യു. വയനാട് - ലേലത്തിനുള്ള നടപടിക്രമം ചെയ്യുന്നതിന്. 5) ജില്ലയിലെ എല്ലാ ഓഫീസർമാർക്കും. |
| Copy To | : | 1) സൂപ്രണ്ട് ഗവ. പ്രസ്സ്, തിരുവനന്തപുരം - കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി (ആമുഖ കത്ത് സഹിതം) . 2) ഡയറക്ടർ പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം- പത്ര മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിനായി (ആമുഖ കത്ത് സഹിതം) . 3) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട് - പത്ര മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിനായി (ആമുഖ കത്ത് സഹിതം). |

E1-22910/2020/W

7dff22